**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5823** **25-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ക്യാഷ് റിസർവ് പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് എത്ര ദിവസം സംസ്ഥാനത്തിന് റിസർവ് ബാങ്കിലുള്ള ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വരികയുണ്ടായി എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (എ) | അക്കൗണ്ട്സ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മിനിമം ക്യാഷ് ബാലൻസ് നിലനിർത്തുന്നതിനായി എസ്.ഡി.എഫ്./ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ്/ ഓവർ ഡ്രാഫ്റ്റ് സൗകര്യം പ്രയോജനപ്പെടുത്തിയ ദിവസങ്ങളുടെയും കൂടാതെ ഈ കാലയളവിൽ ഓവർ ഡ്രാഫ്റ്റിന് നൽകേണ്ടി വന്ന പലിശയുടെയും വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ സംസ്ഥാനം എപ്പോഴെല്ലാം ഓവർ ഡ്രാഫ്റ്റിലായിട്ടുണ്ട്; ഓവർ ഡ്രാഫ്റ്റിന് പലിശ നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് പലിശ നൽകേണ്ടി വന്നതെന്ന് വിശദമാക്കുമോ; | (ബി) | അക്കൗണ്ട്സ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മിനിമം ക്യാഷ് ബാലൻസ് നിലനിർത്തുന്നതിനായി എസ്.ഡി.എഫ്./ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ്/ ഓവർ ഡ്രാഫ്റ്റ് സൗകര്യം പ്രയോജനപ്പെടുത്തിയ ദിവസങ്ങളുടെയും കൂടാതെ ഈ കാലയളവിൽ ഓവർ ഡ്രാഫ്റ്റിന് നൽകേണ്ടി വന്ന പലിശയുടെയും വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിൽ സർക്കാർ പല ഇനങ്ങളിലും നൽകേണ്ടതായ തുക നൽകാൻ കഴിയാതെ കുടിശികയാകുന്നത് എന്തുകൊണ്ടെന്നും ഏതെല്ലാം ഇനത്തിൽ എത്ര കോടി രൂപ കുടിശികയുണ്ടെന്നും വിശദമാക്കുമോ? | (സി) | കേന്ദ്ര സർക്കാർ നടപടികളുടെ ഭാഗമായി വായ്പ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ ഉണ്ടായ ഭീമമായ കുറവ് ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. എന്നാൽ ടി പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ വ്യക്തമായ റോഡ്മാപ്പ് തയ്യാറാക്കി മുമ്പോട്ട് പോയതിനാൽ ശമ്പളം, പെൻഷൻ, വായ്പാ തിരിച്ചടവ് പോലെയുള്ള ദൈനംദിന ചെലവുകൾ ഭംഗം കൂടാതെ നിർവ്വഹിക്കുവാൻ സാധിച്ചിട്ടുണ്ട്. അതേസമയം, ചില മേഖലകളിൽ സാമ്പത്തിക ഞെരുക്കം കുടിശ്ശികയ്ക്ക് കാരണമായിരുന്നു. അത്തരം കേസുകളിൽ കുടിശ്ശിക തുക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുവാനുള്ള |

| | | | |
|---|---|---|---|
| | | | നടപടികളാണ് സർക്കാർ അവലംബിച്ചുപോന്നിട്ടുള്ളത്. വിവിധ മേഖലകളിലെ കുടിശ്ശിക നിലവിൽ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | സാമ്പത്തിക വർഷം | ട്രഷറി എസ്.ഡി.എഫ്./ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസിലായിരുന്ന ദിവസങ്ങൾ | ട്രഷറി ഓവർ ഡ്രാഫ്റ്റിലായിരുന്ന ദിവസങ്ങൾ | ഓവർ ഡ്രാഫ്റ്റിന് നൽകിയ പലിശ (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| 1. | 2021-22 | 110 | 14 | 80.56 |
| 2. | 2022-23 | 54 | 1 | 4.91 |
| 3. | 2023-24 | 125 | 67 | 1665.90 |

**അനുബന്ധം**

| ക്രമ നം. | സാമ്പത്തിക വർഷം | ട്രഷറി എസ്.ഡി.എഫ്./ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസിലായിരുന്ന ദിവസങ്ങൾ | ട്രഷറി ഓവർ ഡ്രാഫ്റ്റിലായിരുന്ന ദിവസങ്ങൾ | ഓവർ ഡ്രാഫ്റ്റിന് നൽകിയ പലിശ (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| 1. | 2021-22 | 110 | 14 | 80.56 |
| 2. | 2022-23 | 54 | 1 | 4.91 |
| 3. | 2023-24 | 125 | 67 | 1665.90 |